തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# വിദ്യാരംഭം – 2021

ഈ വർഷത്തെ വിദ്യാരംഭസമ്മേളനം 15 ഒക്ടോബർ 2021 വെള്ളിയാഴ്ച നടന്നു. ഭൗതിക/പ്രതീതിരീതികളിലായി സങ്കരമായാണ് പരിപാടി നടത്തിയത്. രാവിലെ ഒമ്പതരക്ക് വിദ്യാരംഭം ഡോ.പ്രസാദ് നയിച്ചു. നേരിട്ടുവന്ന് ചേരാത്തവർ ഓൺലൈനായി സംബന്ധിച്ചു. പത്തുമണിക്ക് സ്വാധ്യായം നടന്നു. വെള്ളിയാഴ്ചകളിൽ രാവിലെ അഞ്ചരക്ക് നടന്നുവരുന്ന 'രസഭേദീയാധ്യായം' തന്നെയാണ് തുടർന്നത്. ഡോ.കെ.മുരളി, ഡോ. പ്രസാദ്, ഡോ.സേതുരാജ്, ഡോ.ഓംപ്രകാശ് എന്നിവർ സ്വാധ്യായത്തെ നയിച്ചു.

സതീർത്ഥ്യസംഗമത്തിൽ 'ശാസ്ത്രമണിപ്രവാളം – ഒരു അവലോകനം' എന്ന വിഷയത്തിൽ ഡോ.കെ.വി. ദിലീപ്കുമാർ (പ്രൊഫ. റിട്ട. മലയാളവിഭാഗം, സംസ്കൃതസർവ്വകലാശാല, കാലടി) വിഷയം അവതരിപ്പിച്ചു. മണിപ്രവാളമെന്ന് ഭാഷാമിശ്രശൈലിയുടെ ആദ്യോദാഹരണങ്ങളിൽത്തന്നെ വൈദ്യം, ജ്യോതിഷം, വാസ്തു തുടങ്ങിയ വിജ്ഞാനശാഖകളിലെ ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'ത്രിദോഷസിദ്ധാന്തത്തിലൂടെ' എന്ന തുടർന്നുണ്ടായ പ്രഭാഷണം നിർവഹിച്ചത്, ഡോ. പി. കിരാതമൂർത്തി (പ്രൊഫസർ, വിഷ്ണു ആയുർവേദകോളേജ്, ഷൊർണ്ണൂർ) ആയിരുന്നു. ഈ വൈദ്യസിദ്ധാന്തത്തിന്റെ സമഗ്രത അദ്ദേഹം എടുത്തുപറഞ്ഞു. ആധുനികശാസ്ത്രവുമായുള്ള താരതമ്യങ്ങൾ പലപ്പോഴും വിലപ്പോകുന്നില്ല എന്ന കാര്യം ഉദാഹരണങ്ങളെക്കൊണ്ട് ഡോ.മൂർത്തി സമർത്ഥിച്ചു.

'പ്രമാണങ്ങൾ രോഗ–രോഗീപരീക്ഷയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വിദ്യാരംഭപ്രബന്ധരചനയിൽ ഒന്നാം സ്ഥാനം നേടിയ ഡോ.കെ.കെ. കൃഷ്ണദാസി (ഹൗസ് സർജൻ, പി. എൻ.എൻ.എം. ആയുർവേദകോളേജ്, ഷൊർണ്ണൂർ)ന് ഡോ.ദിലീപ്കുമാർ പാരിതോഷികം നൽകി. രണ്ടാംസ്ഥാനം നേടിയ ഡോ. അശ്വനി കൃഷ്ണൻ (ഹൗസ് സർജൻ, ഗവ.ആയുർവേദകോളേജ്, കണ്ണൂർ, പരിയാരം) എന്ന വിദ്യാർത്ഥിനിക്ക് എത്തിച്ചേരാനായില്ല.

ഡോ.കെ.മുരളി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ.പ്രസാദ് സ്വാഗതം ആശംസിക്കുകയും ഡോ.കേസരി മേനോൻ നന്ദി പ്രകാശി

പ്പിക്കുകയും ചെയ്തു. ഡോ.കാർത്തിക് കെ.പി. (ഗവേഷക വിദ്യാർത്ഥി, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ, ന്യൂ ഡൽഹി)യുടെ സരസ്വതി കീർത്തനാലാപം ചടങ്ങിന് പ്രത്യേകമായ മിഴിവേകി.

# തിരുമുല്പാട് അനുസ്മരണ സമ്മേളനം



ഇന്നത്തെ കാലഘട്ടത്തിന് മാതൃകയാകുമാറ് തികഞ്ഞ മാനവികാബോധമുള്ള ഒരു ശാസ്ത്രജ്ഞനായിരുന്നു, രാഘവൻ തിരുമുല്പാട് എന്ന് കലാമണ്ഡലം മുൻ കാമ്പസ് ഡയറക്ടർ പ്രൊഫ. വി.കെ. വിജയൻ അഭിപ്രായപ്പെട്ടു. മനുഷ്യന്വേണ്ടിയുള്ളതാണ് ശാസ്ത്രം എന്ന അടിസ്ഥാനബോധ്യത്തിൽ നിന്ന് വ്യതിചലിച്ചതാണ്, കോവിഡ് പോലുള്ള സാമൂഹികവിപത്തിന്റെ കാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാവ്യതിയാനത്തിലൂടെ ആഗോളനാശത്തിലേക്ക് നീങ്ങുന്നതിന്റെ വ്യക്തമായ കാരണം ശാസ്ത്രത്തിന്റെ അപമാനവീകരണം കൂടിയാണ്. ചാലക്കുടി നഗരസഭയും തിരുമുല്പാട് അനുസ്മരണസമിതിയും ചേർന്ന് സംഘടിപ്പിച്ച രാഘവൻ തിരുമുല്പാട് അനുസ്മരണയോഗത്തിൽ സംസാരിക്കുകയായിരുന്നു, അദ്ദേഹം. ബഹു.എം.എൽ.എ ശ്രീ. സനീഷ്കുമാർ ജോസഫ് യോഗം ഉദ്ഘാടനം ചെയ്തു. ഇത്തവണത്തെ രാഘവൻ തിരുമുല്പാട് പുരസ്കാരത്തിന് ഡോ. ബി. പ്രഭാകരനാണ് അർഹനായത്. അദ്ദേഹത്തിന്റെ പുത്രനായ ഡോ. ജയദീപ് പുരസ്കാരം എം.എൽ.എയിൽ നിന്ന് ഏറ്റുവാങ്ങി.

കേരള ആരോഗ്യസർവകലാശാല ഫൈനൽ ബി.എ.എം.എസ്. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി അനഘ ബാബുവിനെ യോഗം അനുമോദിച്ചു. ശ്രീമതി സിന്ധു ലോജു (വൈസ് ചെയർപേഴ്സൺ) അഡ്വ. ബിജു എസ്. ചിറയത്ത് (ചെയർമാൻ, വികസനകാര്യസ്ഥിരം സമിതി), ശ്രീമതി നിത പോൾ (ചെയർമാൻ, ആരോഗ്യകാര്യസ്ഥിരം സമിതി), ശ്രീ. കെ.വി. പോൾ (ചെയർമാൻ, ആരോഗ്യകാര്യസ്ഥിരം സമിതി), ശ്രീ. സി. ശ്രീദേവി (ചെയർമാൻ, പൊതുമരാമത്ത്കാര്യം സ്ഥിരം സമിതി), ശ്രീ. ഷിബു വാലപ്പൻ (യു.ഡി.എഫ്. പാർലമെന്ററി പാർട്ടി ലീഡർ), ശ്രീ.സി.എസ്. സുരേഷ് (എൽ.ഡി.എഫ്. പാർലമെന്ററി പാർട്ടി ലീഡർ) ശ്രീമതി റോസി ലാസർ (വാർഡ് കൗൺസിലർ) ശ്രീമതി എലിസബത്ത് ടി.ഡി. (വാർഡ് കൗൺസിലർ), ശ്രീ. ആകാശ് എം.എസ്. (സെക്രട്ടറി, നഗരസഭ) എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു. ഡോ. ബി. പ്രഭാകരൻ ഫോണിലൂടെ മറുപടി പ്രസംഗം നിർവഹിച്ചു.

രാഘവൻ തിരുമുല്പാട് സ്മാരക ഉപന്യാസമത്സരത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ അഡ്വ. ബിജു. എസ്. ചിറയത്ത് വിതരണം ചെയ്തു.

നഗരസഭ ചെയർമാൻ ശ്രീ. വി.ഒ. പൈലപ്പൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തിരുമുല്പാട് അനുസ്മരണസമിതി ജനറൽ കൺവീനർ ശ്രീ. എം.ഡി. ജെയിംസ് സ്വാഗതമാശംസിക്കുകയും കൺവീനർ ശ്രീ. ടി.പി. രാജൻ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. ■